150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബി എസ് സി നഴ്സിംഗ് കോഴ്സ് - ഡിസംബർ 2018 ൽ നടത്തിയ അവസാന വർഷ റെഗുലർ / സപ്ലിമെന്ററി പരീക്ഷകൾ - താൽക്കാലികമായി എഴുതിയ വിദ്യാർത്ഥികളുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു-

---

**പരീക്ഷാ വിഭാഗം ഐ 28 സെക്ഷൻ**

നമ്പർ. 3844/EI 28/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 06.08.2019

---

പരാമർശം:-1 ) സ.ഉ.നം: 108 / 2018 / MGU-ADMINISRATION, പി ഡി ഹിൽസ്, തീയതി 06 /12 / 2018

2 ) സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ പാല , പുതുപ്പള്ളി, ഗാന്ധിനഗർ, പത്തനംതിട്ട, മണിമലക്കുന്ന്,നെടുങ്കണ്ടം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷനിലെ ഒരു കൂട്ടം ബി എസ് സി നഴ്സിംഗ് വിദ്യാർഥികൾ 15 .05 .2019 തീയതി വൈസ് ചാൻസിലർ സമക്ഷം സമർപ്പിച്ച നിവേദനങ്ങൾ.

**ഉത്തരവ്**

മുകളിൽ പരാമർശിച്ചിട്ടുള്ള ഒന്നാം പേപ്പർ പ്രകാരം സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എഡ്യൂക്കേഷനിലെ വിവിധ കേന്ദ്രങ്ങളിൽ പഠിച്ചുകൊണ്ടിരുന്ന ബി എസ് സി നഴ്സിംഗ് കോഴ്സിന്റെ ഒന്നും രണ്ടും മൂന്നും വർഷ പരീക്ഷകൾ പാസ്സാകാത്ത റെഗുലർ / സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് 2018 ഡിസംബറിൽ നടത്തിയ ബി എസ് സി നഴ്സിംഗ് നാലാം വർഷ പരീക്ഷ താൽക്കാലികമായി എഴുതുവാൻ വൈസ് ചാൻസിലർ അനുവാദം നൽകി ഉത്തരവായി.ടി പരീക്ഷയുടെ ഫലം മുൻ വർഷങ്ങളിലെ പരീക്ഷകൾ പാസായാൽ മാത്രമേ പ്രസിദ്ധീകരിക്കൂ എന്ന നിബന്ധനയോടെയാണ് മേൽ സൂചിപ്പിച്ച അനുമതി നൽകിയത്. അതിൻപ്രകാരം ടി പരീക്ഷകൾ താൽക്കാലികമായി എഴുതിയ ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ഫലം ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല

എന്നാൽ സാധാരണഗതിയിൽ പ്രസ്തുത പരീക്ഷ എഴുതിയവരുടെ ഫലം ഇതിനോടകം പ്രഖ്യാപിച്ചിട്ടുമുണ്ട് .ആയവർക്കുള്ള ഉത്തരകടലാസുകളുടെ സൂക്ഷ്മപരിശോധന, പുനർമൂല്യനിർണ്ണയം, സപ്ലിമെന്ററി പരീക്ഷ നടത്തിപ്പ് എന്നിവ സംബന്ധമായ ജോലികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ, 2018 ഡിസംബറിലെ ബി എസ് സി നഴ്സിംഗ് കോഴ്സിന്റെ അവസാന വർഷ പരീക്ഷകൾ താൽക്കാലികമായി എഴുതിയിട്ടുള്ള ടി വിദ്യാർഥികൾ മുകളിൽ പരാമർശിച്ചിട്ടുള്ള രണ്ടാം പേപ്പർ പ്രകാരമുള്ള നിവേദനങ്ങളിലൂടെ തങ്ങളുടെ തടഞ്ഞുവെക്കപ്പെട്ട ടി പരീക്ഷകളുടെ ഫലം നിബന്ധനക്ക് വിധേയമാക്കാതെ പ്രസിദ്ധീകരിക്കണമെന്നും അല്ലായെങ്കിൽ ടി

Draft #4 of File 17101/EI 28/2/2019/EI 28 Approved by ASSISTANT REGISTRAR VI (EXAM) on 06-Aug-2019 03:18 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സൂക്ഷ്മ പരിശോധന, പുനർമൂല്യനിർണ്ണയം , സപ്ലിമെന്ററി പരീക്ഷ എന്നിവക്കുള്ള അവസരങ്ങൾ തങ്ങൾക്കു നഷ്ടമാകുമെന്നുമുള്ള വിഷയം വൈസ് ചാൻസലറുടെ ശ്രദ്ധയിൽപ്പെടുത്തി . ഇതിൻ പ്രകാരം പ്രസ്തുത വിഷയം സിന്റിക്കേറ്റിന്റെ പരിഗണനയ്ക്കു വയ്ക്കാനായി ബഹു. വൈസ് ചാൻസലർ 07 .06 .2019 തീയതി നിർദേശിക്കുകയുണ്ടായി .

എന്നാൽ വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ചു ബഹു. വൈസ് ചാൻസിലർ ഫയൽ തിരികെ വിളിക്കുകയും നിബന്ധനകളോടെ ടി പരീക്ഷകൾ താൽക്കാലികമായി എഴുതിയ ടി വിദ്യാർത്ഥികളുടെ തടഞ്ഞുവച്ചിരിക്കുന്ന പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ 1985 ലെ മഹാത്മാഗാന്ധി സർവകലാശാല നിയമം അധ്യായം 3 , 10 (17 ) വകുപ്പ് പ്രകാരം നിരുപാധികമായി അംഗീകാരം നൽകുകയും ചെയ്തു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

MANOJ.P.S .

അസിസ്റ്റന്റ് രജിസ്ട്രാർ 6 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലറുടെ / പ്രൊ. വൈസ് ചാൻസലറുടെ പി.എസ് .മാർ

2 ) രജിസ്ട്രാറുടെ / പരീക്ഷ കോൺട്രോളറുടെ പി.എ മാർ

3 ) ഡയറക്ടർ , സി പി എ എസ്

4 )ജെ ആർ / ഡി ആർ / എ ആർ (അക്കാഡമിക്)

5 )ജെ ആർ / ഡി ആർ / എ ആർ ( പരീക്ഷ)

6 ) പ്രിൻസിപ്പൽ ഐ എൻ ഇ ( സി പി എ എസ് ) പാലാ , ഗാന്ധിനഗർ , മണിമലക്കുന്ന്, പത്തനംതിട്ട, പുതുപ്പള്ളി, നെടുങ്കണ്ടം

7 ) ഇ ഐ 28 , ഇ എ 1 , ഇ ബി 5 സെക്ഷനുകൾ.

8 ) കണ്ടന്റ് മാനേജ്മെന്റ് / പി ആർ ഒ സെക്ഷനുകൾ.

9 ) ഇൻഫർമേഷൻ സെന്ററുകൾ

10 ) റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

Draft #4 of File 17101/EI 28/2/2019/EI 28 Approved by ASSISTANT REGISTRAR VI (EXAM) on 06-Aug-2019 03:18 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം